## പതിമൂന്നാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ:6382 08/07/2014-ൽ മറുപടിയ്ക്ക്

### പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.പി.സജീന്ദ്രൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പുതിയ ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) | ഉണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ടി കഴിഞ്ഞ സാമ്പത്തിക വർഷം (2013-2014) വയനാട് ജില്ലയിൽ 5 ഉം പെരിയാർ ഡിവിഷനിൽ 4 ഉം ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വയനാട് ജില്ലയിൽ ഒരു എലിഫന്റ് സ്ക്വാഡും അനുവദിച്ചിട്ടുണ്ട്. മേൽപടി സ്റ്റേഷനുകൾക്ക് ആവശ്യമായ ജീവനക്കാരെയും. ആവർത്തനആവർത്തനേതര ചിലവുകളും അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കുന്നതിലൂടെ വനസംരക്ഷണ ത്തിനു വേണ്ടി അധിക തസ്തികകളും ആധുനിക ആയുധ സാമഗ്രികൾ, വാഹനങ്ങൾ, ആധുനിക വാർത്താ വിനിമയ ഉപകരണങ്ങൾലഭ്യമാക്കി വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിന് സാധിക്കുന്നു |
| ബി) | പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | | |

(തുടർച്ച.........2)

| | | | |
|---|---|---|---|
| സി) | വനസംരക്ഷണ പ്രവർത്തനങ്ങൾക്ക് ഇവ എത്രമാത്രംസഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശമാക്കുമോ: | സി) | വന സംരക്ഷണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനാം. സമഗ്രമായ വനം-വന്യജീവി സംരക്ഷണം, സംരക്ഷണവും പരിപാലനവും ശാക്തീകരിക്കൽ, പങ്കാളിത്ത വനപരിപാലനം നടപ്പാക്കൽ, ഇക്കോടൂറിസം, പദ്ധതികളുടെ നിർവ്വഹണം, കാട്ടുതീ പ്രതിരോധം, വനാശ്രിതത്വം കുറയ്ക്കുന്നതിനുള്ള ഇക്കോ ഡവലപ്മെന്റ് പദ്ധതികൾ നടപ്പാക്കൽ, മനുഷ്യൻ-വന്യജീവി സംഘർഷം നിയന്ത്രിക്കൽ എന്നീ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പിലാക്കുവാൻ ഫോറസ്റ്റ് സ്റ്റേഷനുകൾ വഴി കഴിയുന്നു. വനം സംബന്ധമായ കേസ്സുകൾ കോടതിയിൽ ചാർജ്ജ് ചെയ്യുന്നതിനും ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷൻ ഡെപ്യൂട്ടി റെയിഞ്ചാഫീസറെ അധികാരപ്പെടുത്തി യിട്ടുണ്ട്. ഇപ്രകാരം കൂടുതൽ വനസംരക്ഷണ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും ഫോറസ്റ്റ് സ്റ്റേഷനുകൾ സഹായകരമാണ്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം | ഡി) | വനസംരക്ഷണ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 114 ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. പുതുതായി ഫോറസ്റ്റ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുവേണ്ടി 11 കെട്ടിടങ്ങൾ പണിപൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഫോറസ്റ്റ് സ്റ്റേഷനോടനുബന്ധിച്ച് സംരക്ഷണ പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാർക്കുവേണ്ടി ക്വാർട്ടേഴ്സുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നു. |

സെക്ഷൻ ഓഫീസർ